പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2526

20.06.2012-ൽ മറുപടിയ്ക്ക്

## കോട്ടപ്പുറം- പടന്ന- വെള്ളാച്ച് റോഡ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) ടൂറിസം പദ്ധതിയിൽപ്പെടുത്തി അനുവദിച്ച കോട്ടപ്പുറം-പടന്ന-വെള്ളാച്ച് റോഡ് നിർമ്മാണം ഏറ്റെടുത്ത കരാറുകാരൻ പ്രസ്തുത പണി പൂർത്തീകരിക്കാൻ വൈകിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;<br><br>ബി) പ്രസ്തുത റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | എ) & ബി) ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നീലേശ്വരം വലിയപറമ്പ റോഡ് (കോട്ടപ്പുറം-പടന്ന-വെള്ളാച്ച് റോഡ്) പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ആണ്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന കാലാവധി 11/10/2011 ആയിരുന്നു. എന്നാൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മേൽ തീയതിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല. ഇലക്ട്രിസിറ്റി പോസ്റ്റുകളും, ടെലിഫോൺ കേബിളുകളും മാറ്റി സ്ഥാപിക്കുന്നതിനുള്ള കാലതാമസം പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിന് തടസ്സമായി. കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ അപേക്ഷ പരിഗണിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 31/12/2012 വരെ ദീർഘിപ്പിച്ച് നൽകുകയും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന നിർദ്ദേശം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയിട്ടുമുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

Sd/-

സെക്ഷൻ ഓഫീസർ